IV സബ്മിഷൻ

(1) ശ്രീ. കെ. അനിരുദ്ധന്റെ—വട്ടിയൂർക്കാവ് പോളിടെക്നിക്കിലെ പ്രിൻസിപ്പലിനെക്കുറിച്ച്

ശ്രീ. കെ. അനിരുദ്ധൻ: സർ, ഇവിടെ വിദ്യാഭ്യാസ വകുപ്പിനെക്കുറിച്ചുള്ള ചർച്ചയിൽ ശ്രീ. കരുണാകരൻ ചില കാര്യങ്ങൾ പരാമർശിക്കുകയുണ്ടായി. പ്രധാനമായും വട്ടിയൂർക്കാവ് പോളിടെക്നിക്കിനെക്കുറിച്ചു പറഞ്ഞു. അവിടെ കഴിഞ്ഞ ഒന്നു രണ്ടു കൊല്ലമായി ജനാധിപത്യ വിരുദ്ധമായ, തൊഴായ, ഒരിക്കലും ചെയ്തുകൂടാത്ത, സാമൂഹ്യ അനീതികൾ നടക്കുന്നു. അവിടെ ഒരു പ്രിൻസിപ്പൽ വന്നശേഷം പ്രത്യേകിച്ചും കഴിഞ്ഞ രണ്ടുമൂന്നു കൊല്ലമായി അവിടെ നടന്നുകൊണ്ടിരുന്ന ഒരു തിരഞ്ഞെടുപ്പു പരിപാടി നിറുത്തി ആ ബോഡി അതിന്റെ വാർഷിക മീറ്റിംഗ് നടന്നുകൊണ്ടിരിക്കുമ്പോൾതന്നെ അദ്ദേഹം പിരിച്ചു വിടുകയും ചെയ്തു. വിദ്യാർത്ഥികളെ പലരേയും പുറത്താക്കുകയും ക്ലാസുകളിൽനിന്നു വെളിയിലാക്കുകയും ചെയ്തു. സെഷണൽ മാർക്കുവച്ച് അവരെ ക്ലാസിൽ പോകാൻ സമ്മതിക്കാതിരിക്കുന്നു. ആ വിവരം വിശദമായി ഇവിടെ ചർച്ച ചെയ്തതുകൊണ്ട്, കൂടുതൽ ചർച്ച ആവശ്യമില്ലാത്തതുകൊണ്ട് ഞാൻ അതിലേക്കു കടക്കുന്നില്ല. ഈവക കാര്യങ്ങൾ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയും അതിന് ന്യായമായി, മര്യാദയായി നമ്മുടെ നാട്ടിലെ ക്രമത്തിനു യോജിച്ച രീതിയിൽ പരിഹാരം കാണണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്യുന്നു.

വിദ്യാഭ്യാസ വകുപ്പു മന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദ് കോയ): സർ, സബ്മിഷനു നോട്ടീസില്ലാത്തതുകൊണ്ട് എനിക്കു മറുപടി പറയാൻ സാദ്ധ്യമല്ല.

വട്ടിയൂർക്കാവ് പോളിടെക്നിക് പ്രിൻസിപ്പാളും ക്ലാർക്കുമാരും ചില വിദ്യാർത്ഥികളും തമ്മിൽ ചില കുഴപ്പങ്ങൾ ഉണ്ടായതായി ഗവൺമെന്റിനറിയാം. അത് അന്വേഷിച്ച് വേണ്ട നടപടികളും കൈക്കൊള്ളുന്നതാണ്.

(2) ശ്രീ. കെ. വി. കുര്യന്റെ—ഡീസലിന്റെ ക്ഷാമത്തെ സംബന്ധിച്ച്

ശ്രീ. കെ. വി. കുര്യൻ: സർ, എന്റെ സബ്മിഷൻ ഇതാണ്: ഈ സംസ്ഥാനത്ത് ഡീസലിന്റെ ക്ഷാമം വളരെ രൂക്ഷമായിരിക്കുകയാണ്. ഇതു നമ്മുടെ സംസ്ഥാനത്തിന്റെ സാമ്പത്തിക ഘടനയെതന്നെ ബാധിക്കുമെന്നാണ് എനിക്കു തോന്നുന്നത്. ചരക്കുഗതാഗതവും ബസ്സു ഗതാഗതവും തടസ്സപ്പെട്ടാൽ വളരെയധികം ബുദ്ധിമുട്ടുണ്ടാകും. നിത്യോപയോഗസാധനങ്ങൾക്കും കൃഷ്യുസാധനങ്ങൾക്കും വില കൂടാനും കാർഷികോൽപ്പന്നങ്ങൾക്കു വില കുറയാനും ഇടയാകും. വലിയ പ്രതിസന്ധികളുണ്ടാകും. അതുകൊണ്ട് ഇക്കാര്യത്തിൽ ഗവൺമെന്റ് അടിയന്തിരമായി ശ്രദ്ധിക്കണം. ഡീസലിന്റെ ഉപയോഗം കുറയ്ക്കണമെന്ന് പ്രധാനമന്ത്രി മുഖ്യമന്ത്രിമാരോടു പറഞ്ഞതായി പത്രത്തിൽ കാണുകയുണ്ടായി. ഇതു ഗുരുതരമായ പ്രശ്നം സൃഷ്ടിക്കും. അതു മനസ്സിലാക്കി ഗവൺമെന്റ് ചെയ്യാനുള്ള കാര്യങ്ങൾ ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly